ശ്രീ. പി. ശങ്കർ: പാലക്കാട് ടൗണിൽ നിലവിലുള്ള ശുദ്ധജല വിതരണം അപര്യാപ്തമാണെന്നുള്ളതുകൊണ്ട് വികസിച്ച രൂപത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നു കേൾക്കാൻ തുടങ്ങിയിട്ട് നാളുകൾ പലതായി. അത് എന്ന് തുടങ്ങുമെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പാലക്കാട് ടൗണിൽ മാത്രമല്ല തിരുവനന്തപുരം അടക്കമുള്ള എല്ലാ ടൗണുകളിലും ശുദ്ധജലവിതരണത്തിന്റെ കാര്യത്തിൽ അപര്യാപ്തതയുണ്ട്. അത് ആഗ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. വാമദേവൻ: പി. എച്ച്. ഇ. ഡി.-ക്ക് നീക്കിവയ്ക്കുന്ന തുകയിൽ നല്ലൊരു ഭാഗം പൈപ്പുകളും അതുപോലുള്ള മെറ്റീരിയൽസും വാങ്ങിച്ച് ശേഖരിക്കുന്നതിനാണ് അവർ ഉപയോഗിക്കുന്നത്. അത് വാട്ടർ സപ്ലൈക്ക് ഉപയോഗിക്കാൻ തക്ക വിധത്തിലുള്ള നടപടികളല്ല അവർ എടുക്കുന്നതെന്നുള്ളകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അതുകൊണ്ട് ഇങ്ങനെ കുഴലുകൾ വാങ്ങിച്ച് സൂക്ഷിക്കുന്നത് ആനുപാതികമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ആവശ്യത്തിൽ കവിഞ്ഞ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നുണ്ടെന്നു പറയുന്നത് ശരിയല്ല. ചില പദ്ധതികളുടെ പ്രവർത്തനം മന്ദീഭവിക്കുന്നുണ്ടെന്നുള്ള വസ്തുത ശരിയാണ്.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് പട്ടണത്തെ സംബന്ധിച്ച് പറഞ്ഞു. ഈ പദ്ധതി പൂർത്തിയാകുന്നതുവരെയ്ക്കെങ്കിലും ഈ രണ്ടു മാസത്തേയ്ക്കെങ്കിലും ഒന്നുരണ്ട് കുടം വെള്ളം കൊടുക്കാൻ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

ശ്രീ. വി. ജെ. ജോസഫ്: പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം ആരംഭിച്ചിട്ടില്ലെങ്കിൽ പോലും അതിനുമുമ്പായി തന്നെ പഞ്ചായത്തുകളുടെ വിഹിതം അടക്കാൻ നിർബന്ധിപ്പിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ പഞ്ചായത്തുകളെ ഈ ശുദ്ധജല വിതരണം ആരംഭിക്കുന്നതുവരെയെങ്കിലും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരിഗണിക്കാം.

(537, 538, 539, 540 എന്നീ ചോദ്യങ്ങൾ ചോദിച്ചില്ല.)

കാർഷികോൽപ്പന്നങ്ങളുടെ വില ക്രമീകരിക്കാൻ പദ്ധതി

* 506 [541] ശ്രീ. എൻ. ഭാസ്കരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന ചെലവ് അനുസരിച്ച് വില ലഭ്യമാക്കുന്നതിനും, അതോടൊപ്പംതന്നെ വില ക്രമീകരിച്ചുകൊണ്ടു പോകുന്നതിനുമുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി.എസ്. ജോൺ): ഉൽപ്പാദന ചെലവ് അനുസരിച്ച് കാർഷികോൽപ്പന്നങ്ങൾക്ക് വില ലഭ്യമാക്കുന്നതിനായി നെല്ലിനും കപ്പയ്ക്കും താങ്ങുവില നൽകുന്നുണ്ട്. കൂടാതെ കാർഷികോൽപ്പന്നങ്ങളുടെ വില ക്രമീകരിക്കുന്നതിനും ഉൽപ്പാദകർക്ക് മദ്ധ്യവർത്തികളുടെ ചൂഷണമില്ലാതെ നല്ല വില ലഭിക്കുന്നതിനും സംസ്ഥാനത്ത് നിയന്ത്രിത വിപണി (റഗുലേറ്റഡ് മാർക്കറ്റ്) ഏർപ്പെടുത്തുന്നതിനുമുള്ള നിയമ നിർമ്മാണ നടപടികൾ ഗവൺമെന്റ് പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഭാസ്കരൻനായർ: ഇന്ന് കുട്ടനാട് പ്രദേശങ്ങളിലെ നെൽപ്പാടങ്ങളിൽ കൃഷിചെയ്യുന്ന കർഷകർക്ക് അവരുടെ ഉൽപ്പാദന ചെലവ് അനുസരിച്ച് വില കിട്ടുന്നില്ലെന്നുള്ളത് പരിഗണിച്ച് ഇന്നുള്ള സംഭരണ പ്രൈസിനെക്കാൾ കൂടുതലായി മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ടി.എസ്. ജോൺ: കുട്ടനാടൻ മേഖലയിൽ ഉൽപ്പാദനചെലവ് ഒരു ക്വിൻറലിന് 112 രൂപയായി ആണ് കണക്കാക്കിയിട്ടുള്ളത്. ഉൽപ്പാദനച്ചെലവിനു് അനുസരണമായി താങ്ങുവില കൊടുക്കുന്നുണ്ട്. അതല്ലാതെ മറ്റ് ആനുകൂല്യങ്ങളും കുട്ടനാടൻ മേഖലയിൽ കർഷകർക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താങ്ങുവില കഴിഞ്ഞകൊല്ലം നിശ്ചയിച്ചതു് അനുസരിച്ച് നെല്ലും കപ്പയും എടുത്തെന്നു പറഞ്ഞു. ഇങ്ങനെ താങ്ങുവിലയ്ക്ക് എത്ര ക്വിൻറൽ നെല്ലും എത്ര ടൺ കപ്പയും എടുത്തെന്നു പറയാമോ?

ശ്രീ. ടി.എസ്. ജോൺ: 30449 ക്വിൻറൽ നെല്ല് വിരിപ്പുകൃഷിയിൽനിന്നും താങ്ങുവില പ്രകാരം എടുത്തിട്ടുണ്ട്. കപ്പ എടുത്തുകൊണ്ടിരിക്കുന്നതേ ഉള്ളു. അതിന്റെ കണക്ക് പറയാറായിട്ടില്ല.

ശ്രീ. ആർ. സുന്ദരേശൻനായർ: ഇന്ന് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില ഉൽപ്പാദന ചെലവുമായി ബന്ധമില്ലാത്തതാണെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ? താങ്ങുവില അനുസരിച്ച് സാധനങ്ങൾ വാങ്ങിക്കാൻ കച്ചവടക്കാർ തയ്യാറായില്ലെങ്കിൽ അത് വാങ്ങിച്ച് സംഭരിക്കുന്നതിനുള്ള സംഭരണശേഷി ഇന്ന് ഗവൺമെൻറിനു് ഉണ്ടോ?

ശ്രീ. ടി.എസ്. ജോൺ: ഉൽപ്പാദന ചെലവിനു് അനുസൃതമായ താങ്ങുവിലയാണ് ഇപ്പോൾ കൊടുക്കുന്നത്. യാതൊരുവിധമായ പരാതിയും ലഭിച്ചിട്ടില്ല.

ശ്രീ. ഇ. നാരായണൻ നായർ: കൃഷിക്കാരുടെ ഇടയിൽ വ്യാപകമായ പരാതികൾ ഉണ്ടാകുന്നത് താങ്ങുവില അനുസരിച്ച് നെല്ല് എടുക്കുന്നതിനുള്ള പോയിൻറ്സ് കൃഷിക്കാർ ഉണക്കി എടുക്കുന്ന കൃഷിയിടങ്ങളിൽനിന്നും ദൂരെ ആയതുകൊണ്ട് കൂടുതൽ ഇങ്ങനെയുള്ള കേന്ദ്രങ്ങൾ തുറന്ന് കൃഷിക്കാർക്ക് സൗകര്യകരമായ ഒരു സമീപനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. ടി.എസ്. ജോൺ: മരച്ചീനിയെ സംബന്ധിച്ചിടത്തോളം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എടുത്ത് സ്റ്റോറുകളിൽ കൊണ്ടു പോയി കൊടുക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണൻ: താങ്ങു വില പല പ്രദേശങ്ങളിലും ഇന്ന് നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ കൂടുതൽ ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എസ്. ജോൺ: ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. ഇ.പി. ഗോപാലൻ: നെല്ലിന് നിശ്ചയിച്ചിട്ടുള്ള താങ്ങു വില ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ടിട്ടുള്ളതല്ലെന്നും ഉൽപ്പാദന ചെലവുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു കണക്ക് തന്നെ സംസ്ഥാനത്ത് ഇതുവരെ എടുത്തിട്ടില്ലെന്നും ഈ 120 രൂപ ഒരു ക്വിന്റലിന് നിശ്ചയിച്ചത് വേറെ ചില കാരണങ്ങളാൽ വളരെ സഹായകമായിട്ടുണ്ടെന്നും 120 രൂപതന്നെ അധികമാണെന്നും ഉള്ള ആക്ഷേപക്കാർ ഉണ്ടെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എസ്. ജോൺ: ആക്ഷേപക്കാർ ഉണ്ടെന്നു പറയുന്നത് ശരിയാണ്. ഉൽപ്പാദന ചെലവിന് അനുസരണമായി മിതമായ വിലയാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. പി. ശങ്കർ: കപ്പ എടുക്കുന്നത് സഹകരണസംഘം സ്റ്റോർ മുഖേനയാണെന്ന് പറഞ്ഞു. നെല്ലും അങ്ങനെ എടുക്കാൻ തയ്യാറാകുമോ?

ശ്രീ. ടി.എസ്. ജോൺ: അങ്ങനെ ഏർപ്പാടായിട്ടില്ല. അതെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു ക്വിന്റൽ നെല്ലിന് 120 രൂപ വില നിശ്ചയിച്ചിട്ടുള്ളത് മാർക്കറ്റിലുള്ളതിനേക്കാൾ കൂടുതലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നു. ഏതൊക്കെ മാർക്കറ്റിലാണെന്ന് പറയാമോ?

ശ്രീ. ടി.എസ്. ജോൺ: തൃശ്ശൂരും പാലക്കാട്ടുമുള്ള മാർക്കറ്റിൽ കൂടുതലാണ്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: തൃശ്ശൂര് കൂടുതലാണെന്ന് പറയുന്നത് വസ്തുതക്ക് നിരക്കാത്തതല്ലേ?

ശ്രീ. കെ. സുകുമാരനുണ്ണി: 34000 ക്വിന്റൽ നെല്ല് താങ്ങുവില പ്രകാരം എടുത്തിട്ടുണ്ടെന്ന് പറഞ്ഞു. താങ്ങുവിലയുടെ ആനുകൂല്യം അവിടത്തെ കൃഷിക്കാർക്ക് കിട്ടുന്നില്ലെന്നുള്ളത് പരിഗണിച്ച് എല്ലാ കൃഷിക്കാർക്കും കിട്ടാവുന്ന താങ്ങുവിലയുടെ വിശദമായ പരിപാടി തയ്യാറാക്കി കൃഷിക്കാർക്ക് സഹായം നൽകാൻ തയ്യാറാകുമോ?

ശ്രീ. ടി.എസ്. ജോൺ: കഴിയുന്നിടത്തോളം കൃഷിക്കാർക്ക് ലഭ്യമാക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി മന്ത്രി സ്ഥാനം ഏൽക്കുന്നതിനുമുമ്പ് ഒരു ക്വിന്റൽ നെല്ലിന് 150 രൂപ എങ്കിലും ഉണ്ടെങ്കിലേ ഉൽപ്പാദനച്ചെലവിന് പറ്റുകയുള്ളുവെന്ന പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ലേ, അതേപ്പറ്റി ഇപ്പോൾ എന്താണ് അഭിപ്രായം?

ശ്രീ. ടി.എസ്. ജോൺ: 150 രൂപ കിട്ടിയാൽ കർഷകർക്കു ലാഭം കിട്ടുമെന്നുള്ളത് ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly